THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

PRO/F-11/1057 12.06.2024

**പുനർ ദർഘാസ്സ് ടെണ്ടർ നോട്ടീസ്**

**കശുമാവ് റീപ്ലാന്റിംഗ്- പുനർ ഇ-ടെൻഡർ/സീൽഡ് ടെൻഡർ**

**പ്ലാന്റേഷൻ കോർപ്പറേഷന്റെ മണ്ണാർക്കാട് എസ്റ്റേറ്റിൽ 2024 വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യേണ്ടുന്ന താഴെപ്പറയുന്നതായ ഏരിയയിൽ, റീപ്ലാന്റിങ് മുന്നൊരുക്ക പ്രവൃത്തികൾക്കുള്ള പുനർ ഇ-ദർഘാസ് / ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.**

**പ്രവർത്തി- 2024 വർഷം കശുമാവ് റീപ്ലാന്റിംഗ് ചെയ്യേണ്ടുന്ന, കാട് വെട്ടി, വൃത്തിയാക്കിയിട്ടിട്ടുള്ള ഏരിയയിൽ, നിബന്ധനകൾക്ക് വിധേയമായി ടെറസും(single terrace), കുഴിയുമെടുത്ത് തരുന്നതിന്**

| ക്രമ നം. | എസ്റ്റേറ്റ്, ജില്ല | ഡിവിഷൻ | ബ്ലോക്ക് | ഏരിയയുടെ വിസ്തീർണം ഹെക്ടറിൽ (approximate) | കുഴിയും, ടെറസ്സും ഉൾപ്പെടെ എണ്ണം (ഉദ്ദേശം) |
|---|---|---|---|---|---|
| 1. | മണ്ണാർക്കാട്, പാലക്കാട് | തത്തേങ്ങലം | തത്തേങ്ങലം -IA | 50 | 20000 |
| 2. | മണ്ണാർക്കാട്, പാലക്കാട് | തത്തേങ്ങലം | തത്തേങ്ങലം -IB | 30 | 12000 |

**നിബന്ധനകൾ**

1. **കുഴികളുടെയും, ടെറസ്സിന്റെയും ഉദ്ദേശം എണ്ണമാണ് നോട്ടീസിൽ കാണിച്ചിരിക്കുന്നത്. ആയതു കൂടാനോ കുറയാനോ സാധ്യതയുണ്ട്.**
2. **3 X 3 അടി അളവിൽ ഒറ്റ ടെറസ്സ് (Single Terrace) എടുത്ത്, ആയതിന് മധ്യത്തിലായി 2 അടി നീളത്തിലും, 2 അടി വീതിയിലും, 2 അടി താഴ്ചയിലും ആണ് കുഴികൾ എടുക്കേണ്ടത്. ടെറസിന്റെ മുൻവശം മണ്ണുവെട്ടിമാറ്റി പുറകുവശത്തേക്കാൾ ഒരടി താഴ്ചയിൽ സ്ലോപ്പുണ്ടാക്കിയാണ് നിർമ്മിക്കേണ്ടത്.**
3. കുഴികൾ എടുക്കേണ്ട സ്ഥാനങ്ങളിൽ കോർപ്പറേഷൻ അടിച്ചിരിക്കുന്ന കുറ്റികൾ, ടെറസിന്റെ കൃത്യം നടുഭാഗത്ത് വരത്തക്കവിധമാണ് ടെറസ് വെട്ടേണ്ടത്. നിബന്ധനകൾപ്രകാരം ഗുണനിലവാരം ഇല്ലാത്ത ടെറസുകളും, കുഴികളും പേയ്മെന്റിനായി പരിഗണിക്കുന്നതല്ല.
4. ഇപ്രകാരം, ഒരു ടെറസ്സും, ഒരു കുഴിയും എടുത്തുതരുന്നതിനും കോർപ്പറേഷൻ ക്രേതാവിന് നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെൻഡറിൽ കാണിക്കേണ്ടത്. രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.
5. വർക്ക് ഓർഡർ കിട്ടി 3 ദിവസത്തിനുള്ളിൽ കരാർ ജോലികൾ തുടങ്ങേണ്ടതും 30 ദിവസങ്ങൾക്കകം ജോലികൾ തൃപ്തികരമായി പൂർത്തിയാക്കേണ്ടതുമാണ്.

6. ടെറസും കുഴിയും എടുക്കുന്ന ഏരിയയിൽ ഉണ്ടായേക്കാവുന്ന കല്ല്, വേരുകൾ, കുറ്റികൾ മുതലായവ ഡിവിഷൻ അധികാരി നിർദ്ദേശിക്കുന്ന ഇടങ്ങളിലേക്ക് ക്രേതാവ് തന്നെ നീക്കം ചെയ്ത് തരേണ്ടതാണ്.
7. ഹിറ്റാച്ചി/ജെ സി ബി ഉപയോഗിച്ച് ടെറസും കുഴിയും എടുക്കാൻ ബുദ്ധിമുട്ടുള്ള ഏരിയകളിൽ, ക്രേതാവ് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പ്രസ്തുത പ്രവർത്തികൾ നിർവഹിക്കേണ്ടതാണ്.
8. ഇ-ദർഘാസും, ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 20.06.2024-ന് 3.00 PM വരെയാണ്. തുടർന്ന് അന്നേദിവസം 3.30 പി.എം.-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്. ഇ-ദർഘാസുകൾ പിസികെ ഹെഡ്ഡോഫീസിൽവെച്ച് തുറക്കുന്നതുമാണ്. ഇ-ദർഘാസ് തുറക്കുന്ന തീയതി 21.06.2024-ന് 3.30 പി.എം. ആണ്.
9. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ (പി.സി.കെ. ലിമിറ്റഡ്) നിക്ഷിപ്തമായിരിക്കും. അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്.
10. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | എസ്റ്റേറ്റ് | മൊബൈൽ/ലാൻഡ് നമ്പർ |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡ്ഡോഫീസ് | 9496076004, 9447142369 0481-2578301-04 |
| ശ്രീമതി.ഫാത്തിമ ഷിംജി | മാനേജർ | മണ്ണാർക്കാട് | 0492-4222264, 9895142394,9496076062 |

11. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സാധാരണ ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.
12. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118/- രൂപയും, നിരതദ്രവ്യം ബ്ലോക്ക് ഒന്നിന് 5,000/-(അയ്യായിരം) രൂപയുമാണ്.
13. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക.
14. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മത പത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK, Bank : State Bank of India, Branch : Civil Station Branch, Kottayam, Account No. : 00000067241230012, IFSC Code : SBIN0070101) RTGS/ NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, സാധുവായ (ആധാറുമായി ലിങ്ക് ചെയ്ത) പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച

വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഒറിജിനൽ D.D. ടെണ്ടർ തുറക്കുന്ന സമയത്തിന് മുൻപായി പിസികെ ഹെഡ് ഓഫീസ്സ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

15. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, മണ്ണാർക്കാട് എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്നതിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5000 രൂപ അതാത് എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ തുറക്കുന്ന ദിവസ്ത്തിന് മുൻപായി അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ അതാത് മണ്ണാർക്കാട് എസ്റ്റേറ്റിൽ ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച രേഖയും സഹിതം ടെൻഡർ തുറക്കുന്ന ദിവസം 3.00 pm-ന് മുൻപായി മണ്ണാർക്കാട് എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
16. ഇ-ദർഘാസിലൂടെയോ, സാധാരണ ദർഘാസിലൂടെയോ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
17. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
18. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
19. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം രാവിലെ 10.30-ന് നടത്തുന്നതായിരിക്കും.
20. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അതികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
21. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
22. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ, ക്ഷുദ്രജീവി ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).
23. ടെൻഡർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ്, ആകെ ടെണ്ടർ തുകയുടെ 5 % തുകയോ, 50,000 രൂപയോ, ഇവയിൽ ഏതാണോ കുറവ്, ആയത് കരുതൽധനമായി കോർപ്പറേഷനിൽ കെട്ടിവെക്കേണ്ടതും, 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതുമാണ്.
24. സെക്യൂരിറ്റി ഡെപ്പോസിറ്റ് ടെണ്ടർ കാലാവധി പൂർത്തിയാക്കി ജോലികൾ തൃപ്തികരമായി തീർത്തതിനുശേഷം ഒരു മാസത്തിനുള്ളിൽ പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.
**25.** ഏരിയയിൽ എടുക്കേണ്ട കുഴികളുടെയും, ടെറസ്സിന്റെയും ഉദ്ദേശം എണ്ണമാണ് നോട്ടീസിൽ കാണിച്ചിരിക്കുന്നത്. ആയതു കൂടാനോ കുറയാനോ സാധ്യതയുണ്ട്.
**26.** 3 X 3 അടി അളവിൽ ഒറ്റ ടെറസ്സ് (Single Terrace) എടുത്ത്, ആയതിന് മധ്യത്തിലായി 2 അടി നീളത്തിലും, 2 അടി വീതിയിലും, 2 അടി താഴ്ചയിലും ആണ് കുഴികൾ എടുക്കേണ്ടത്.

ടെറസിന്റെ മുൻവശം മണ്ണുവെട്ടിമാറ്റി പുറകുവശത്തേക്കാൾ ഒരടി താഴ്ച്ചയിൽ സ്ലോപ്പുണ്ടാക്കിയാണ് നിർമ്മിക്കേണ്ടത്.

**27.** കരാർ കാലയളവിൽ, ക്രേതാവോ ടി-യാന്റെ ജോലിക്കാരോ എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ മറ്റെന്തെങ്കിലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ഏർപ്പെടുകയോ സഹായിക്കുകയോ ചെയ്യാൻ പാടില്ല. വിപരീതമായി പ്രർത്തിച്ചാൽ കരാർ റദ്ദുചെയ്യുന്നതും, സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

28. 30%, 60%, 90% ജോലി പൂർത്തീകരിക്കുന്ന മുറക്ക്, ചെയ്തുതീർത്ത ജോലിയുടെ 70% തുക പാർട്ട് പേയ്മെന്റായി നൽകുന്നതാണ്.

29. കരാർ ജോലി തൃപ്തികരമായി പൂർത്തിയാക്കി മാനേജരിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ നൽകുന്നതാണ്.

30. മേൽ പ്രവർത്തികൾ ചെയ്യുന്നതിന് ആവശ്യമായ മെഷീനുകൾ സ്വന്തം ചെലവിലും, ഉത്തരവാദിത്വത്തിലും കൊണ്ടുവരേണ്ടതും അവ ഉപയോഗിച്ച് നിർദ്ദിഷ്ട ജോലി യഥാസമയം പൂർത്തീകരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തികൾ പൂർത്തിയാക്കാത്ത പക്ഷം ടെണ്ടർ തുകയ്ക്ക് ആഴ്ച്ച ഒന്നിന് 1/2 % എന്ന നിരക്കിൽ പിഴ ഈടാക്കി ടി-പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് പരമാവധി 10 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും ജോലി തീർക്കാതിരിക്കുകയോ, കരാർ ജോലി പൂർത്തീകരിക്കാതെ ഉപേക്ഷിക്കുകയോ, ജോലി തൃപ്തികരമായി പുരോഗമിക്കാതിരിക്കുകയോ ചെയ്യാത്ത പക്ഷം കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതും, ജാമ്യ നിക്ഷേപ തുക കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും ആയിരിക്കും. കൂടാതെ ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ, ആവശ്യമെങ്കിൽ കരാർ പ്രവൃത്തികൾ പുനഃക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. തന്മൂലം കോർപ്പറേഷന് ഉണ്ടാകാവുന്ന ചെലവുകളും, നഷ്ടവും ക്രേതാവിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്. കൂടാതെ ക്രേതാവിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കുന്നതായിരിക്കും.

Sd/

**മാനേജിംഗ് ഡയറക്ടർ**

**<u>പ്രഖ്യാപനം</u>: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | : |
| b. | ടിയാന്റെ വയസ്സ് | : |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | : |
| d | മൊബൈൽ നമ്പർ | : |
| e. | അച്ഛന്റെ പേര് | : |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം :

തീയതി :